# പോലീസ് വകുപ്പ്

# കേരളം

**No. E2-658/2018/KAP-IV**

കേരള ആംഡ് പോലീസ് ബറ്റാലിയൻ-IV ,
കണ്ണൂർ
cmdtkap4.pol@kerala.gov.in
04972781316
തീയതി. 01-06-2018

**ലേല പരസ്യം**

കണ്ണൂർ ജില്ലയിലെ മാങ്ങാട്ടുപറമ്പ് കെ.എ.പി. നാലാം ബറ്റാലിയൻ അധീനതയിൽ ഉള്ളതും, കാലഹരണപ്പെട്ടതുമായ താഴെ പറയുന്ന വാഹനങ്ങൾ ജൂലൈ മാസം 4-)൦ തീയതി രാവിലെ 11 മണിക്ക് കെ.എ.പി. നാലാം ബറ്റാലിയൻ ആസ്ഥാനത്ത് വെച്ച് പരസ്യമായി ലേലം ചെയ്ത് വില്പന നടത്തുന്നതാണ്.

| ക്രമ നമ്പർ | വാഹന രജിസ്റ്റർ നമ്പർ | ഇനം | മോഡൽ | ഡീസൽ/പെട്രോൾ | നിരത ദ്രവ്യം |
|---|---|---|---|---|---|
| 1 | KL10 G 1632 | Eicher Bus | 1998 | Diesel | 5,000/- |
| 2 | KL10 G 1637 | Lorry | 1997 | Diesel | 5,000/- |
| 3 | KL 13 D 5208 | Bus | 1997 | Diesel | 5,000/- |

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ നിശ്ചിത സമയത്തിന് ഒരു മണിക്കൂർ മുമ്പായി ലേല സ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും, മുകളിൽ ഓരോ വാഹനത്തിനു നേരെ കാണിച്ചിരിക്കുന്ന തുക നിരതദ്രവ്യമായി ലേല സ്ഥലത്ത് അടച്ച് രസീത് വാങ്ങേണ്ടതുമാണ്.

കൂടാതെ, ടി ലേലത്തിൽ സീൽ ചെയ്ത ദർഘാസുകളും സ്വീകരിക്കുന്നതാണ്. ദർഘാസുകൾ നൽകാൻ താല്പര്യമുള്ളവർ മുദ്ര വെച്ച കവറിൽ നിരതദ്രവ്യമായി മേൽ പറഞ്ഞ നിരക്കിലുള്ള തുക ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും കമാണ്ടന്റ്, കെ.എ.പി. നാലാം ബറ്റാലിയന്റെ പേരിലുള്ള ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം കമാണ്ടന്റ്, കെ.എ.പി. നാലാം ബറ്റാലിയൻ, മാങ്ങാട്ടുപറമ്പ്, കണ്ണൂർ -670567 എന്ന വിലാസത്തിൽ 2018 ജൂലൈ 2-)0 തീയതി വൈകുന്നേരം 5.00 മണിക്ക് മുമ്പായി ലഭിക്കത്തക്ക വിധം അയക്കേണ്ടതാണ്. കവറിന്റെ പുറത്ത് " വാഹന ലേലത്തിനുള്ള ദർഘാസ്" എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

ലേലം അവസാനിച്ചാലുടൻ ദർഘാസുകൾ തുറക്കുന്നതും, ലേലത്തിലോ, ദർഘാസിലോ ഏതിലാണോ കൂടുതൽ തുകയുള്ളത് ആ തുകക്ക് ലേലം താത്കാലികമായി സ്ഥിരപ്പെടുത്തി കൊടുക്കുന്നതുമാണ്. ലേലം കൊണ്ടയാൾ ഉടൻതന്നെ ലേലസംഖ്യയുടെ പകുതി സംഖ്യ (നിരതദ്രവ്യം കഴിച്ച് ) ലേലസ്ഥലത്ത് തന്നെ അടക്കേണ്ടതുമാണ്. ബാക്കി തുകയും, നിയമാനുസൃത വിൽപ്പന നികുതിയും ലേല/ദർഘാസ് സ്ഥിരപ്പെടുത്തിയ ഉത്തരവ് നൽകി 10 ദിവസത്തിനുള്ളിൽ ബറ്റാലിയൻ ഓഫീസിൽ അടച്ച് സ്വന്തം ചെലവിൽ വാഹനം നീക്കം ചെയ്യേണ്ടതാണ്. ലേലത്തിൽ പങ്കെടുത്ത മറ്റുള്ളവരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞാലുടൻ തിരികെ നൽകേണ്ടതാണ്.

ഏതെങ്കിലും കാരണവശാൽ ലേല/ദർഘാസ് സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കില്, ടിയാൻ അടച്ച തുക സർക്കാരിനു മുതൽ കൂട്ടുന്നതും, വാഹനം പുനർ ലേലം ചെയ്യുന്നതുമായിരിക്കും. അപ്രകാരമുള്ള പുനർ ലേലത്തിൽ സർക്കാരിനു എന്തെങ്കിലും നഷ്ടം സംഭവിക്കുകയാണെങ്കിൽ, ആയതിന് മുന്ലേലക്കാരൻ ഉത്തരവാദിയാകുന്നതും, പ്രസ്തുത നഷ്ടം ടിയാനിൽ നിന്നും ഈടാക്കുന്നതുമാണ്. എന്നാൽ പുനർ ലേലത്തിൽ കൂടുതൽ തുക ലഭിച്ചാൽ ആയതിനു ടിയാൻ അർഹനായിരിക്കുന്നതല്ല.

ടി വാഹനങ്ങൾ ലേലത്തിനു മുമ്പുള്ള എല്ലാ പ്രവൃത്തി ദിവസങ്ങളിലും, അസി. കമാണ്ടന്റ് (ക്യു.എം) ൻറെ അനുമതിയോടെ

രാവിലെ 10 മണി മുതൽ 5 മണിവരെ പരിശോധിക്കാവുന്നതാണ്.

യുക്തമെന്ന് തോന്നുന്ന പക്ഷം യാതൊരു മുന്നറിയിപ്പോ/കാരണമോ കൂടാതെ ലേലം/ദർഘാസ് മാറ്റി വെക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം പൂർണ്ണമായും കെ.എ.പി. നാലാം ബറ്റാലിയൻ കമാണ്ടന്റിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

കാർത്തികേയൻ ഗോകുലചന്ദ്രൻ ഐ പി എസ്
കമാണ്ടൻറ്

| | | |
|---|---|---|
| പകർപ്പ് | : | സംസ്ഥാന പോലീസ് മേധാവി, കേരളം, പോലീസ് ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം). ഡെപ്യൂട്ടി പോലീസ് ഇൻസ്പെക്ടർ ജനറൽ, ആംഡ് പോലീസ് ബറ്റാലിയന്റെ അറിവിലേക്ക് (ആമുഖ കത്ത് സഹിതം). പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, കണ്ണൂർ, സൂപ്രണ്ട്, Govt പ്രസ്, തിരുവനന്തപുരം, പോലീസ് സൂപ്രണ്ട് (എം.ടി) , പോലീസ് ഹെഡ് ക്വാർട്ടേഴ്സ് അറിവിലേക്കായി. സംസ്ഥാനത്തെ എല്ലാ കമ്മീഷണർമാർ/പോലീസ് സൂപ്രണ്ടുമാർ എന്നിവരുടെ അറിവിലേക്കും പ്രചരണത്തിനുമായി, ബറ്റാലിയൻ ട്രാൻസ്പോർട്ട് ഓഫീസർ, കെ.എ. പി. 4-ൻറെ അറിവിലേക്കും അനന്തര നടപടിക്കുമായി, ഡെപ്യൂട്ടി കമാണ്ടൻറ്, എല്ലാ അസി.കമാണ്ടൻറ് മാർക്കും ഓഫീസർ കമാണ്ടിങ് മാർക്കും, സി.എ. ടു കമാണ്ടൻറ്, ക്യാഷ്യർ, കെ.എ.പി4 ഓഫീസ് നോട്ടീസ് ബോർഡ്, സ്റ്റോക്ക് ഫയൽ. |

Internal Administrative Processing System
iAPS
KERALA POLICE